# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6108

04.07.2019- ൽ
മറുപടിയ്ക്ക്

## മങ്കടയിൽ ഐ.ടി.ഐ. ക്ക് ഭൂമി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) മങ്കടയിൽ പുഴക്കാട്ടിരിയിൽ ഐ.ടി.ഐക്കുവേണ്ടി 3.82 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിഗണനയിലുണ്ടോ;<br><br>(ബി) പ്രസ്തുത ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ; | എ)<br>&<br>ബി) | മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽ സർവ്വെ നമ്പർ 48/1-ൽപ്പെട്ട 3.63 ഏക്കർ മിച്ചഭൂമിയും 48/12-ൽപ്പെട്ട 19 സെന്റ് മിച്ചഭൂമിയും ഉൾപ്പെടെ 3.82 ഏക്കർ ഭൂമി ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച എൽ1/34/2019/റവ നമ്പർ e-ഫയൽ പരിശോധനയിലാണ്. ടി ഭൂമി ഐ.ടി.ഐ-യ്ക്കായി ലഭ്യമാക്കുന്നതിന് വിരോധമില്ലായെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ സമ്മതത്തോടെയും മന്ത്രിസഭയുടെ അംഗീകാരത്തോടെയും ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |
| (സി) പെരിന്തൽമണ്ണയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | പെരിന്തൽമണ്ണ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി കൈമാറുന്നതിന് ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിരുന്ന |

ഭൂമിയും പുഴക്കാട്ടിരി ഐ.ടി.ഐ യ്ക്ക് കൈമാറാൻ ശുപാർശ സമർപ്പിച്ചിരുന്ന ഭൂമിയും ഒന്നുതന്നെയാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഐ.ടി.ഐയ്ക്ക് ഭൂമി കൈമാറി കഴിഞ്ഞാലും ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുവാൻ ഭൂമി ലഭ്യമാണോ എന്നതിൽ റിപ്പോർട്ട് സമർപ്പിക്കാൻ തഹസിൽദാരോടും ടി ഭൂമി കൈമാറുന്നതിന് നിയമപ്രകാരമുള്ള റിക്വിസിഷനും. അനുബന്ധരേഖകളും സമർപ്പിക്കുന്നതിന് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കും ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

Indu.S.S

സെക്ഷൻ ഓഫീസർ